File No.STY/327/2018-D1

**ഭരണഭാഷ-മാതൃഭാഷ**

**സ്റ്റേഷനറി കൺട്രോളറുടെ നടപടി ഉത്തരവ്**

വിഷയം:- സ്റ്റേഷനറി വകുപ്പ്-ഡി വിഭാഗം-പാഴ്ക്കടലാസ് വില്പന 2018-19-കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- (1)പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ് സെക്രട്ടറിയുടെ 13-10-2020-ലെ എച്ച്2/64/2019/ഉവിവ നമ്പർ കത്ത്

(2)പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ എ)വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06-03-2019-ലെ 74/HKA2/2017/പൊ.ഭ.വ.നമ്പർ കത്ത്

(3)ഈ ഓഫീസിൽ നിന്ന് സർക്കാരിന് അയച്ച 30-03-2019-ലെ ഇതേ നമ്പർ കത്ത്

(4)സ്റ്റേഷനറി കൺട്രോളറുടെ 09-07-2018-ലെ ഇതേ നമ്പർ തിരുവനന്തപുരം ജില്ലയുടെ പാഴ്ക്കടലാസ് സർക്കുലർ

**ഉത്തരവ് :327/ഡി1/2018/സ്റ്റേ. 23/02/2021**

2018-19 കാലയളവിലെ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ പാഴ്ക്കടലാസ് വില്പന കരാറുകൾ ഏറ്റെടുത്തിരുന്ന ശ്രീ.പി.എം.ഹസ്സൻകുട്ടി, ബിസ്മില്ല വേസ്റ്റ് പേപ്പർ സ്റ്റോഴ്സ് എന്ന കരാറുകാരൻ ടി ജില്ലകളിലെ പല ഓഫീസുകളിൽ നിന്നും യഥാസമയം പാഴ്ക്കടലാസുകൾ നീക്കം ചെയ്യാതിരുന്നതുവഴി സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. പല തവണ അറിയിപ്പുകൾ നല്കിയിട്ടും കരാറുകാരൻ സർക്കാരിന് വരുത്തിയിട്ടുള്ള ബാദ്ധ്യത അടച്ചിട്ടില്ല. 2018-19 കാലയളവിൽ, ഗവ.സെക്രട്ടറിയേറ്റിലെ വിവിധസെക്ഷനുകളിലെ പാഴ്ക്കടലാസുകൾ കുമിഞ്ഞുകൂടി മലിനീകരണത്തിനും തീപിടുത്തത്തിനും വരെ കാരണമായ അവസ്ഥയിൽ ആയത് നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന പൊതുഭരണ വകുപ്പ്(ഹൌസ് കീപ്പിംഗ് സെൽ എ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ സൂചന (2) ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പ് സൂചന(3)പ്രകാരം റിപ്പോർട്ട് സർക്കാരിലേക്ക് നല്കിയിരുന്നു. ആയതിൻപ്രകാരം ശ്രീ.പി.എം.ഹസ്സൻകുട്ടി, ബിസ്മില്ല വേസ്റ്റ് പേപ്പർ സ്റ്റോഴ്സ്,കോട്ടയം എന്ന വ്യക്തിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിൽ നിന്നുള്ള അനുമതി സൂചന (1)പ്രകാരം ലഭിക്കുകയും ചെയ്തു. മേൽസർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിലെ പാഴ്ക്കടലാസ് വില്പന ദർഘാസുകളിൽ പങ്കെടുക്കുന്നതിനും മറ്റേതെങ്കിലും പേരിൽ പാഴ്ക്കടലാസ് വില്പന കരാറുകൾ ഏറ്റെടുക്കുന്നതിനും ശ്രീ.പി.എം.ഹസ്സൻകുട്ടി, ബിസ്മില്ല വേസ്റ്റ് പേപ്പർ സ്റ്റോഴ്സ്, ടോൾ ജംഗ്ഷൻ, ആലുമ്മൂട്, താഴത്തങ്ങാടി, കോട്ടയം എന്ന വ്യക്തിയ്ക്ക് വിലക്കേർപ്പെടുത്തിയിരിക്കുന്നതായും, കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതായും ഉത്തരവാകുന്നു.

സ്വീകർത്താവ് ,

ശ്രീ.പി.എം.ഹസ്സൻകുട്ടി,
ബിസ്മില്ല വേസ്റ്റ് പേപ്പർ സ്റ്റോഴ്സ് ,
ടോൾ ജംഗ്ഷൻ,ആലുമ്മൂട്,

Signature valid

Digitally signed by S JAYALEKSHMI
Date: 2021.02.23 13:26:35 IST
Reason: Approved

File No.STY/327/2018-D1

താഴത്തങ്ങാടി,കോട്ടയം-686 001

CONTROLLER OF STATIONERY

പകർപ്പ് :

1. സെക്രട്ടറി,പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ്
2. പ്രിൻസിപ്പൽ സെക്രട്ടറി,പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ എ)വകുപ്പ്
3. എല്ലാ മേഖല/ജില്ലാ സ്റ്റേഷനറി ഓഫീസർമാർക്കും
4. ഐ.ടി.സെൽ (വെബ് സൈറ്റിൽ നൽകുന്നതിനായി)
5. സ്റ്റോക്ക് ഫയൽ